ഉത്തരം

(എ) രക്തദാനത്തിന്റെ പ്രചരണത്തിനായി പരസ്യ പ്രചരണ ബോർഡുകൾ എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിക്കുന്നുണ്ട്. പത്രമാധ്യമങ്ങളിലും ഇലക്ട്രോണിക് മാധ്യമങ്ങളിലും കൂടിയുള്ള ബോധവൽക്കരണം നടത്താറുണ്ട്. കൂടാതെ വിവിധ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ബോധവൽക്കരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രക്തദാനം ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് രക്തദാനം സ്വീകരിച്ച് സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ G.O(P) 234/89/Fin. Dated: 4-5-1989. പ്രകാരം ഒരു കലണ്ടർ വർഷത്തിൽ പരമാവധി രണ്ടു ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കാം. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

താലോലം പദ്ധതി

18 (4887) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലയിൽ ഒരു ആശുപത്രിയിലെങ്കിലും താലോലം പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

താലോലം

19 (4888) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

"താലോലം" പദ്ധതി പ്രകാരം ശസ്ത്രക്രിയ ആവശ്യമുള്ള വൃക്കവൈകല്യങ്ങൾ തുടങ്ങിയ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭിക്കുമോ ?

ഉത്തരം

ലഭിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly